This question paper consists of **10** questions and **12** printed pages.

ഈ ചോദ്യപേപ്പറിൽ **10** ചോദ്യങ്ങളും, **12** അച്ചടിച്ച പുറങ്ങളും ഉണ്ട്.

**Roll No.**
**റോൾ നമ്പർ** | | | | | | | | | | | | |

**9112**

# MALAYALAM
# മലയാളം
# (232)

**Code No. / കോഡ് നമ്പർ 70/S/O/MM**

**SET/സെറ്റ് A**

**Day and Date of Examination**
**(പരീക്ഷാ ദിവസവും തീയതിയും)** ..................................................................

**Signature of Invigilators**
**(ഇൻവിജിലേറ്ററിന്റെ ഒപ്പ്)**

**1.** .........................................

**2.** .........................................

**പൊതുവായ നിർദ്ദേശങ്ങൾ :**

1. എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരങ്ങൾ നിങ്ങൾക്ക് നൽകിയിരിക്കുന്ന ആൻസർ ബുക്കിൽ നൽകണം.
2. ഈ ചോദ്യപേപ്പർ വായിക്കുന്നതിന് **15** മിനിറ്റ് സമയം അനുവദിച്ചിട്ടുണ്ട്. ഉച്ചക്ക് **02.15** ന് ചോദ്യപേപ്പർ നൽകും **02.15** മുതൽ **02.30** വരെ വിദ്യാർത്ഥികൾ ചോദ്യപേപ്പർ വായിക്കുക മാത്രം ചെയ്യുക. ഈ സമയം ആൻസർ ബുക്കിൽ ഒരു ഉത്തരവും എഴുതാൻ പാടുള്ളതല്ല.
3. പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.
4. ആദ്യ പേജിൽ പ്രിന്റ് ചെയ്തിരിക്കുന്ന വിവരങ്ങൾക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിന്റു ചെയ്തിട്ടുണ്ടോ എന്നും ഉറപ്പു വരുത്തേണ്ടതാണ്.
5. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് **(A), (B), (C), (D)** എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് ഉത്തര പുസ്തകത്തിൽ എഴുതേണ്ടതാണ്.
6. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടിൽ ഉൾപ്പെടെ എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.
7. ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.
8. ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ **70/S/O/MM,** സെറ്റ് **A** എഴുതേണ്ടതാണ്.



UNNATI EDUCATIONS
EK KADAM UNNATI KI AUR
**UNNATI EDUCATION**
**9899-436-384: 9654-279-279**

# MALAYALAM
# മലയാളം
# (232)

**സമയം : 3 മണിക്കൂർ ]** **[ മാർക്ക് : 100**

---

**നിർദ്ദേശങ്ങൾ :**

(i) എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

(ii) ഒന്നു മുതൽ പതിനൊന്നുവരെയുള്ള ചോദ്യങ്ങൾക്ക് (A), (B), (C), (D) എന്ന ക്രമത്തിൽ കൊടുത്തിരിക്കുന്നതിൽ നിന്നും ശരിയായത് എടുത്തെഴുതണം.

---

1. **20** ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക. ഓരോ മാർക്ക് വീതം. **20 × 1 = 20**

(1.1) പൈതങ്ങൾ പൂർണവളർച്ച നേടണമെങ്കിൽ എന്താണ് ചെയ്യേണ്ടത് ?

(A) സ്വഭാഷതൻ വക്ത്രത്തിൽ നിന്ന് പഠിക്കണം

(B) അമ്മ ചൊല്ലിത്തരണം

(C) മാതാവിന്റെ വാത്സല്യദുഗ്ധം നുകരണം

(D) നീതിപ്പൊരുളും ഉപനിഷത്തും പഠിക്കണം

(1.2) ചാരുത്വമാണ്ടുള്ള എന്ന് ഗോപികമാർ വിശേഷിപ്പിക്കുന്നത് ആരെയാണ് ?

(A) കോകിലത്തെ (B) ദാരുക്കളെ

(C) പിച്ചകത്തെ (D) കൈതയെ

(1.3) ഏകമത എന്ന ആശയം ഏത് കൃതിയിലാണ് ശ്രീനാരായണഗുരു അവതരിപ്പിച്ചിട്ടുള്ളത് ?

(A) ദൈവദശകം (B) മതമീമാംസ

(C) അനുകമ്പാദശകം (D) സ്വാനുഭവഗീതി



UNNATI EDUCATION
9899-436-384: 9654-279-279

(1.4) കുട്ടികളോട് എന്തു കഥയും പറയും എന്ന് സഞ്ജയൻ വിശ്വസിക്കുന്നത് എന്തുകൊണ്ട് ?

(A) കുട്ടികളുടെ ബുദ്ധി കളങ്കമില്ലാത്തത് ആകയാൽ

(B) നാട്ടുകാരുടെ പരിഹാസം ഒഴിവാക്കാൻ ആഗ്രഹിക്കുന്നതുകൊണ്ട്

(C) മുതിർന്നവർക്ക് കഥകേൾക്കാൻ ഇഷ്ടമില്ലാത്തതിനാൽ

(D) കുട്ടികളെക്കുറിച്ചുള്ള കഥകൾ ആയതുകൊണ്ട്

(1.5) പ്രൗഢബലൻ എന്ന് കുഞ്ചൻനമ്പ്യാർ വിശേഷിപ്പിക്കുന്നത് ആരെ ?

(A) നാരദനെ (B) രാവണനെ

(C) ബാലിയെ (D) മുനിയെ

(1.6) നെയ്പ്പായസം എന്ന ചെറുകഥയിലെ മുഖ്യ കഥാപാത്രങ്ങളെ അച്ഛൻ, അമ്മ എന്നിങ്ങനെ മാത്രം വിളിച്ചാൽ മതിയെന്ന് കഥാകൃത്ത് തീരുമാനിച്ചത് എന്തുകൊണ്ട് ?

(A) അവരുടെ പേര് വെളിപ്പെടുത്തുന്നത് ആക്ഷേപങ്ങൾക്ക് ഇടവരുത്തുമെന്നതിനാൽ

(B) അവർ സാങ്കല്പിക കഥാപാത്രങ്ങളായതിനാൽ

(C) സ്വാന്തം ജീവിതകഥ ആയതിനാൽ

(D) ആ പട്ടണത്തിൽ അവരുടെ വില അറിയുന്ന കുട്ടികൾ അവരെ അങ്ങനെവിളിക്കുന്നതുകൊണ്ട്

UNNATI EDUCATIONS
EK KADAM UNNATI KI AUR

(1.7) എത്ര നല്ല ഒരു ലീവ് അഭ്യർത്ഥനയായിരിക്കും അത് ! – ഏത് ലീവ് അഭ്യർത്ഥനയെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത് ?

(A) ഭാര്യ മരിച്ചു എന്നു കാണിക്കുന്ന ലീവ് അഭ്യർത്ഥന

(B) ഭാര്യയ്ക്ക് സുഖക്കേടാണെന്നു പറയുന്ന ലീവ് അഭ്യർത്ഥന

(C) കുട്ടികളെ സ്ക്കൂളിൽ ചേർക്കുന്നതിനുള്ള ലീവ് അഭ്യർത്ഥന

(D) സ്വന്തം രോഗവിവരം കാണിച്ചുള്ള ലീവ് അഭ്യർത്ഥന



**UNNATI EDUCATION**
**9899-436-384: 9654-279-279**

(1.8) നല്ലോരു ചൂലു മനസ്സിൽ നല്ലൂ-എന്തിന് നല്ലതെന്നാണ് കവി പറയുന്നത് ?

(A) നാട് നന്നാക്കുവാൻ

(B) വീട് നന്നാക്കുവാൻ

(C) നമ്മൾ നന്നാകുവാൻ

(D) പരിസരം വൃത്തിയാക്കാൻ

(1.9) മോഹിനിയാട്ടത്തിന്റെ മാതൃകയായി കരുതപ്പെടുന്ന കലാരൂപം ഏത് ?

(A) ദാസിയാട്ടം

(B) രാമനാട്ടം

(C) കൃഷ്ണനാട്ടം

(D) ഓട്ടൻതുള്ളൽ

(1.10) താഴെപ്പറയുന്നവയിൽ വി.ടി. ഭട്ടതിരിപ്പാടിന്റെ ആത്മകഥ ഏത് ?

(A) കണ്ണീരും കിനാവും

(B) അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്

(C) ഇനി നമുക്ക് അമ്പലങ്ങൾക്ക് തീകൊളുത്തുക

(D) പോംവഴി

(1.11) ഒരുപാട് കച്ചട്ടികൾ കൈവണ്ടിയിൽ കൊണ്ടുവരുന്ന വഴിക്ക് ഡിസ്ട്രിക്ട് ബോർഡിന്റെ ഒരു പാലത്തിന്മേൽ എത്തിയപ്പോൾ പാലം പൊളിഞ്ഞുപോയി. സഞ്ജയൻ ഇവിടെ നടത്തുന്ന പരിഹാസം എന്ത് ?

(A) കച്ചട്ടികളുടെ ഭാരക്കൂടുതൽ

(B) കൈവണ്ടിയുടെ സുരക്ഷിതത്വം ഇല്ലായ്മ

(C) ഡിസ്ട്രിക്ട് ബോർഡിന്റെ പാലംപണിയിലെ അഴിമതി

(D) കച്ചട്ടികളുടെ എണ്ണക്കൂടുതൽ



UNNATI EDUCATIONS
EK KADAM UNNATI KI AUR

**UNNATI EDUCATION**
**9899-436-384: 9654-279-279**

(1.12) മാനേജരുടെ ദയാബുദ്ധി നീട്ടിയ ആ കടലാസുതുണ്ടുകളെ തുറിച്ചുനോക്കിക്കൊണ്ട് ജാനമ്മ ഒരു ശിലാപ്രതിമപോലെ നിന്നു. ജാനമ്മ ശിലാപ്രതിമപോലെ നിൽക്കാൻ കാരണമെന്ത് ?

(A) ജീവിതത്തെക്കുറിച്ചുള്ള പ്രതീക്ഷ

(B) ഭാവിജീവിതത്തെ സംബന്ധിച്ച അനിശ്ചിതത്വം

(C) മാനേജരോടുള്ള ബഹുമാനം

(D) എങ്ങനെ പ്രത്യുപകാരം ചെയ്യുമെന്ന ആശങ്ക

(1.13) ധാത്രിമാരായി വള്ളത്തോൾ കല്പിച്ചിരിക്കുന്നത് ആരെ ?

(A) മറ്റുള്ള ഭാഷകളെ (B) മാതൃഭാഷയെ

(C) വളർത്തമ്മയെ (D) പെറ്റമ്മയെ

(1.14) ചോന്നു തുടിക്കുന്ന രാഖിയെ ഒ.എൻ.വി. കുറുപ്പ് ഏതിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് ?

(A) വരേണ്യമാം നീതിയോട്

(B) മഹാമങ്ഗലശക്തിയോട്

(C) ചൂഴ്ന്നെടുത്ത രക്തഞരമ്പിനോട്

(D) പെണ്ണുങ്ങളുടെ ദുഃഖങ്ങളോട്

UNNATI EDUCATIONS
EK KADAM UNNATI KI AUR

(1.15) ദാമ്പത്യജീവിതം ദുസ്സഹമായി തീരുന്നത് എപ്പോഴാണെന്നാണ് കെ.പി. കേശവമേനോൻ പറയുന്നത് ?

(A) ഇഷ്ടവും താല്പര്യവും സ്വഭാവവും അറിഞ്ഞ് പരസ്പരം വിട്ടുവീഴ്ചയ്ക്ക് തയാറാകാതെ വരുമ്പോൾ

(B) ഭാര്യമാരുടെ ന്യായമായ ആവശ്യങ്ങൾക്ക് പണം കൊടുക്കാതിരിക്കുമ്പോൾ

(C) കിട്ടുന്നതെല്ലാം ധൂർത്തടിക്കുന്ന സ്വാർത്ഥികളായി മാറുമ്പോൾ

(D) ഭർത്താക്കന്മാരുടെ വരവറിയാതെ പണത്തിനു ശല്യപ്പെടുത്തുമ്പോൾ



UNNATI EDUCATION
9899-436-384: 9654-279-279

(1.16) അങ്ങേയറ്റത്തും ഇങ്ങേയറ്റത്തുമുള്ള രണ്ടുദാഹരണങ്ങളായി ജവഹർലാൽ നെഹ്റു ചൂണ്ടിക്കാണിക്കുന്നത് ആരെയെല്ലാം ?

(A) കാശ്മീരികളെയും രജപുത്രരെയും

(B) പഠാണികളെയും തമിഴരെയും

(C) ഒറിയക്കാരെയും മലയാളികളെയും

(D) മലയാളികളെയും കാശ്മീരികളെയും

(1.17) ചന്ദനലതയിൽ അധോമുഖശയനം ചെയ്യുന്ന ഒറ്റപ്പത്തിയും ആയിരം ഉടലുമുള്ള നാഗമായി കവി കല്പിച്ചിരിക്കുന്നത് എന്തിനെ ?

(A) പനിനീർപൂവ് ചൂടിയ ചികുരത്തെ

(B) കാവ്യനർത്തകിയുടെ ഗാത്രത്തെ

(C) നായികയുടെ കുറുനിരകളെ

(D) നർത്തകിയുടെ കുളിർനിടിലത്തെ

(1.18) ചെക്കോർദ്ദെയുടെ പൂർവിക ക്ഷേത്രത്തിന്റെ പ്രത്യേകത എന്ത് ?

(A) ഗ്രാമത്തിലെ മൂലക്ഷേത്രമാണ് അത്

(B) പനയോലയും മുളയും കൊണ്ട് നിർമ്മിച്ചിരിക്കുന്നു

(C) ഗ്യാമലിൻ വാദ്യത്തിന്റെ സംഗീതം എപ്പോഴും കേൾക്കാം

(D) സ്വർണത്തിലുള്ള താഴികക്കുടം കാണാം

(1.19) കാല്യാണമിതുമൂലം വന്നുക്കൂടിടുമല്ലോ-കല്യാണം വന്നുകൂടാൻ ഹേതുവാകുന്നത് എന്ത് ?

(A) മൈഥിലി സ്വർണഭൂഷണം അണിയുന്നത്

(B) കൗശികന് കൗതുകം ജനിക്കുന്നത്

(C) അർണോജനേത്രനു മുന്നിൽ സത്രപം നിൽക്കുന്നത്

(D) ചന്ദ്രശേഖരന്റെ പള്ളിവില്ല് കുലയ്ക്കുന്നത്



UNNATI EDUCATION
9899-436-384: 9654-279-279

(1.20) വാസവദത്ത എന്ന കാവ്യം രചിച്ചത് ആര് ?

(A) കുമാരനാശാൻ

(B) വള്ളത്തോൾ

(C) കഞ്ചൻനമ്പ്യാർ

(D) എസ്.കെ.പൊറ്റക്കാട്

2. **5 എണ്ണത്തിന് ഒറ്റവാക്കിൽ ഉത്തരമെഴുതുക. ഓരോ മാർക്ക് വീതം.** **5 × 1 = 5**

(2.1) മജിസ്രേട്ട് പരബ്രഹ്മയ്യർക്ക് നൽകിയ ശിക്ഷ എന്ത് ?

(2.2) വാസവദത്തയ്ക്ക് കുടയായി കാണപ്പെടുന്നത് എന്ത് ?

(2.3) എസ്. കെ. പൊറ്റക്കാട് ബാലിയിൽ കണ്ട കേരളത്തിന്റേതല്ലാത്ത മരം ഏത് ?

(2.4) കെ.പി. കേശവമേനോന്റെ അഭിപ്രായത്തിൽ ലോകത്തിലെ ഏറ്റവും വലിയ ത്യാഗിനി ആര് ?

(2.5) ഗോപികമാരുടെ അഭിപ്രായത്തിൽ 'നുണങ്ങു പായുന്നത്' ആരാണ് ?

UNNATI EDUCATIONS
EK KADAM UNNATI KI AUR

3. **വിട്ടുപോയ ഭാഗം ബ്രാക്കറ്റിൽ നിന്ന് ശരിയായത് തെരഞ്ഞെടുത്ത് പൂരിപ്പിക്കുക. 5 എണ്ണത്തിന് ഓരോ മാർക്ക് വീതം.** **5 × 1 = 5**

(3.1) ആട്ടക്കഥാകൃതികളിൽ സാമാന്യമായി ശ്ലോകങ്ങളും പാട്ടുകളും അപൂർവമായി _________ കാണാം.

(നൃത്തവും, കഥയും, ദണ്ഡകങ്ങളും, ആട്ടവും)

(3.2) നിന്നു ലളിതേ, നീയെൻ മുന്നിൽ _________ പൊൻകതിർപോലെ.

(മഞ്ജിമതൻ, ചടുലോല്പലദള, നിർവൃതിതൻ, മധുരസ്വപ്ന)



UNNATI EDUCATION
9899-436-384: 9654-279-279

(3.3) ഒരവസരത്തിൽ മാനേജരോട് അവൾ ശമ്പളം ചോദിക്കുകതന്നെ ചെയ്തു. _________ പ്രേരണ നിമിത്തമാണ് അവൾ അതിന്നു പുറപ്പെട്ടത്.

(ചന്ദ്രന്റെ, ലക്ഷ്മിയുടെ, കൂട്ടുകാരുടെ, മാനേജരുടെ)

(3.4) ഇന്ത്യയുടെ _________ വമ്പിച്ചതാണ്. അത് പ്രത്യക്ഷവും ഉപരിതലത്തിൽത്തന്നെ ആർക്കും ദർശിക്കാവുന്നതുമാണ്.

(ഏകത്വം, ദേശീയത, നാനാത്വം, വംശപാരമ്പര്യം)

(3.5) പിന്നാലേ _________ മാലയുമിട്ടീടിനാൾ.

(നേത്രോൽപല, സ്വർണ, വരണാർഥ, സൗവർണ)

4. താഴെ തന്നിരിക്കുന്ന ചോദ്യങ്ങളിൽ **5** എണ്ണം തെറ്റോ ശരിയോ എന്ന് രേഖപ്പെടുത്തുക. ഒരു മാർക്ക് വീതം. **5 × 1 = 5**

(4.1) വിൽമുറിഞ്ഞൊച്ച കേട്ട് ഉരഗങ്ങൾ നടുങ്ങി.

(4.2) അച്യുതൻ പുൽകിയതുകൊണ്ട് ഉണ്ടായ കോൾമയിർ ആണ് മൊട്ടുകൾ.

(4.3) ഉണ്ണാനും ഉടുക്കാനും ഉണ്ടാക്കിത്തരണേ എന്ന പ്രാർത്ഥനയാണ് വി.ടി. ഭട്ടതിരിപ്പാടിന് ഉണ്ടായിരുന്നത്.

(4.4) സൽഗ്രന്ഥങ്ങളുടെ കുറവ് നമ്മുടെ ഭാഷയെ കുചേലകുടുംബിനിയാക്കുന്നു.

(4.5) തട്ടിത്തകരും സ്ഫടികപാത്രംപോലെ പൊട്ടിച്ചിതറുന്നവളാണ് പെങ്ങൾ.

5. ചേരുംപടി ചേർക്കുക. **5** എണ്ണം ഒരു മാർക്ക് വീതം. **5 × 1 = 5**

| | | | |
|---|---|---|---|
| (5.1) | മയിൽപ്പേട പോലെ സന്തോഷം പൂണ്ടാൾ | – | കുഞ്ചൻ നമ്പ്യാർ |
| (5.2) | ജീവിത ചിന്തകൾ | – | എസ്. കെ. പൊറ്റെക്കാട് |
| (5.3) | സഞ്ചാരസാഹിത്യം | – | കെ.പി. കേശവമേനോൻ |
| (5.4) | എം.ടി. വാസുദേവൻ നായർ | – | മൈഥിലി |
| (5.5) | തുള്ളൽ പ്രസ്ഥാനം | – | നാലുകെട്ട് |



UNNATI EDUCATION
9899-436-384: 9654-279-279

6. **5** എണ്ണത്തിന് പകരം പദം എഴുതുക. ഒരു മാർക്ക് വീതം. **5 × 1 = 5**

(6.1) ദാരുക്കൾ

(6.2) ക്കുന്തൽ

(6.3) അതിഥി

(6.4) ഉജ്വലം

(6.5) അസഹനീയം

7. ചേർത്തെഴുതുക. **5** എണ്ണത്തിന് ഒരു മാർക്ക് വീതം. **5 × 1 = 5**

(7.1) അതി + ഉച്ചം

(7.2) നീറി + പുകഞ്ഞു

(7.3) പൂ + ആട

(7.4) വളരെ + ഏറെ

(7.5) ശത+ അബ്ദം

UNNATI
EDUCATIONS

8. ഏതെങ്കിലും **10** ചോദ്യങ്ങൾക്ക് **20-25** വാക്കുകളിൽ ഉത്തരമെഴുതുക. **2** മാർക്ക് വീതം. **10 × 2 = 20**

(8.1) വാസവദത്തയുടെ മാളികയെ കവി വർണിച്ചിരിക്കുന്നത് എങ്ങനെ ?

(8.2) നമുക്ക് ഏറ്റവും ഇഷ്ടമുള്ള സ്ഥലം വീടാണെന്ന് പറയുന്നതിലെ യുക്തി എന്ത് ?

(8.3) 'നെയ്പ്പായസം' എന്ന കഥയിൽ ലീവ് അഭ്യർത്ഥന തയ്യാറാക്കാൻ തുടങ്ങിയ അച്ഛന്റെ മനസ്സിലൂടെ കടന്നുപോയ ചിന്തകൾ എന്തെല്ലാം ?

(8.4) ദാമ്പത്യജീവിതം ദുസ്സഹമായിത്തീരാൻ ഇടയാക്കാവുന്ന സാഹചര്യങ്ങളായി കെ.പി. കേശവമേനോൻ സൂചിപ്പിക്കുന്നത് എന്തെല്ലാം ?



UNNATI EDUCATION
9899-436-384: 9654-279-279

(8.5) ബാലിയിലെ മഴയും ബാലിപ്പെണ്ണിന്റെ മനസ്സും ഒരുപോലെയാണെന്ന് പറയുന്നത് എന്തുകൊണ്ട് ?

(8.6) എഴുതാനുഴറി കല്പന ദിവ്യമൊ-

രഴകിനെ-എന്നെ മറന്നൂ ഞാൻ

– കാവ്യരചനയെക്കുറിച്ച് ചങ്ങമ്പുഴ അവതരിപ്പിക്കുന്ന സങ്കല്പം എന്ത് ?

(8.7) 1920-ലെ തിരുനാളാഘോഷവേളയിൽ ശ്രീനാരായണഗുരു പ്രസിദ്ധപ്പെടുത്തിയ സന്ദേശങ്ങൾ ഏവ ?

(8.8) ജവഹർലാൽ നെഹ്റു ഇന്ത്യയുടെ ഏകത്വം വെളിപ്പെടുത്തുന്നത് എങ്ങനെ ?

(8.9) ജാനമ്മയ്ക്ക് സർക്കസ് ക്കൂടാരത്തിനകത്ത് അനുഭവിക്കേണ്ടിവന്ന കഷ്ടപ്പാടുകൾ എന്തെല്ലാം ?

(8.10) കോകിലത്തോട് കണ്ണനെക്കുറിച്ച് ഗോപികമാർ ചോദിച്ചത് എന്തെല്ലാം ?

(8.11) പരബ്രഹ്മയ്യരെ നാട്ടുകാർ കളിയാക്കാൻ തുടങ്ങിയ സാഹചര്യം എന്ത് ?

(8.12) നമ്മൾ നന്നാകുന്നതിന് കുഞ്ഞുണ്ണി നിർദ്ദേശിക്കുന്ന ഉപായത്തിന്റെ പൊരുൾ എന്ത് ?

(8.13) ചന്ദ്രശേഖരന്റെ പള്ളിവില്ല് കണ്ട രാമചന്ദ്രന്റെ പ്രതികരണങ്ങൾ എന്തെല്ലാം ?

(8.14) മാതൃഭാഷയെയും അമ്മയെയും ബന്ധിപ്പിച്ച് വള്ളത്തോൾ അവതരിപ്പിക്കുന്ന ആശയങ്ങൾ എന്തെല്ലാം ?

(8.15) എൻ മനസ്സന്ധികൾ തോറുമേ തട്ടിത്തകരും സ്ഫടികപാത്രം പോലെ പൊട്ടിച്ചിതറുന്നു ഒ.എൻ.വി. കുറുപ്പ് ഇവിടെ അവതരിപ്പിക്കുന്നത് എന്തിനെക്കുറിച്ചാണ് ?



UNNATI EDUCATIONS
EK KADAM UNNATI KI AUR

**UNNATI EDUCATION**
**9899-436-384: 9654-279-279**

9. ഏതെങ്കിലും **5** ചോദ്യങ്ങൾക്ക് **40-45** വാക്കിൽ ഉത്തരമെഴുതുക. **3** മാർക്ക് വീതം. **5 × 3 = 15**

(9.1) 'എന്റെ ഭാഷ'എന്ന കവിതയിൽ മാതൃഭാഷയുടെ മഹത്വം എങ്ങനെയെല്ലാമാണ് വള്ളത്തോൾ വെളിപ്പെടുത്തുന്നത് ?

(9.2) ചൊല്ലാത്തെ ചൊല്ലുന്നു നിൻ പെങ്ങളാണിവൾ-ഈ തോന്നൽ ഉണ്ടായത് എങ്ങനെ ?

(9.3) ഭാര്യ മരിച്ചതറിഞ്ഞ നെയ്പ്പായസത്തിലെ അച്ഛന്റെ ആദ്യപ്രതികരണം എന്തായിരുന്നു ?

(9.4) കഥകളി എന്ന കലാരൂപത്തെക്കുറിച്ച് ഒരു ലഘു കുറിപ്പ് തയ്യാറാക്കുക.

(9.5) പ്രായം ചെന്ന ശേഷമാണ് ഇതിന്റെ ആഭാസത എനിക്ക് ബോധ്യപ്പെട്ടത്. വി.ടി. സൂചിപ്പിക്കുന്ന ആഭാസത എന്ത് ?

(9.6) ഏതെല്ലാം കാര്യങ്ങളിലാണ് ബാലിദ്വീപ് കേരളത്തോട് സാദൃശ്യം വഹിക്കുന്നത് ?

(9.7) രാവണന്റെ അഹങ്കാരം ബാലി ശമിപ്പിച്ചത് എങ്ങനെ ?

(9.8) മനസ്വിനിയിലെ പ്രഭാതവർണനയിൽ തെളിയുന്നത് എന്തെല്ലാം ?

UNNATI
EDUCATIONS
EK KADAM UNNATI KI AUR

10. താഴെ പറയുന്ന ചോദ്യങ്ങൾക്ക് **100-150** വാക്കുകളിൽ ഉത്തരമെഴുതു. **5** മാർക്ക് വീതം.

**3 × 5 = 15**

(10.1) (എ) ദുരിതപൂർണമായ ജീവിതം നയിക്കുന്ന എല്ലാ പെൺകുട്ടികളോടും ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന കാവ്യമായി പെങ്ങൾ മാറുന്നത് എങ്ങനെ ?

**അല്ലെങ്കിൽ**

(ബി) മാതൃഭാഷ നമ്മുടെ ജീവിതത്തിൽ എത്രത്തോളം പ്രധാനമാണെന്ന് വള്ളത്തോൾ 'എന്റെ ഭാഷ'യിലൂടെ വെളിപ്പെടുത്തുന്നത് എങ്ങനെ ?



**UNNATI EDUCATION**
**9899-436-384: 9654-279-279**

(10.2) (എ) തന്റെ ചുറ്റുപാടുമുള്ള ജീവിതത്തിന്റെ യഥാർത്ഥ ചിത്രം വി.ടി. ഭട്ടതിരിപ്പാട് ആത്മകഥാപരമായ രചനകളിലൂടെ വിശദമാക്കുന്നത് പാഠഭാഗത്തെ അടിസ്ഥാനമാക്കി വിവരിക്കുക.

**അല്ലെങ്കിൽ**

(ബി) നഗരത്തിന്റെ തിരക്കുകൾക്ക് ഇടയിൽപ്പെട്ട ഇടത്തരക്കാരുടെ ജീവിതം 'നെയ്പ്പായസം' എന്ന ചെറുകഥയിൽ തെളിയുന്നത് എങ്ങനെ ?

(10.3) (എ) സർക്കസ് കലാകാരികളുടെ ജീവിതദുരിതങ്ങൾ 'വളർത്തുമൃഗങ്ങൾ'എന്ന കഥയിൽ എം.ടി. വാസുദേവൻനായർ അവതരിപ്പിച്ചിരിക്കുന്നത് വിലയിരുത്തുക.

**അല്ലെങ്കിൽ**

(ബി) കച്ചട്ടിസ്വാമിയാരെ മുൻനിർത്തി സഞ്ജയൻ നടത്തുന്ന സാമൂഹികവിമർശനം വിശകലനം ചെയ്യുക.

---

UNNATI
EDUCATIONS
EK KADAM UNNATI KI AUR



UNNATI EDUCATION
9899-436-384: 9654-279-279